**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2067** **30-07-2021 - ൽ മറുപടിയ്ക്ക്**

**മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കാസർഗോഡ് ജില്ലയിൽ മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പ്രസ്തുത .കോളനിയിൽ 18 കുടുംബങ്ങൾ താമസിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കോളനിയിലേക്കുള്ള റോഡ് എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഗതാഗത യോഗ്യമാക്കണമെന്ന ആവശ്യം വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥനായ കാറഡുക്ക ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റിസർവ്വ് വനത്തിന്റെ നടുവിലുള്ള ഈ കോളനിയിലേക്കുള്ള റോഡ് ഊരുകൂട്ട തീരുമാന പ്രകാരം വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കി കോൺക്രീറ്റ് റോഡാക്കുന്നതിന് വകുപ്പ് തുടർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വനം മേഖലയിൽകൂടി കടന്നുപോകുന്ന റോഡായതിനാൽ വനംവകുപ്പിന്റെ . അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ